# FINAL ANSWER KEY

| | |
|---|---|
| Question Paper Code: | 135/2026/OL |
| Category Code: | 231/2025 |
| Exam: | Assistant Compiler |
| Date of Test | 23-07-2026 |
| Department | Kerala Livestock Development Board Limited |
| Language: | Malayalam |

Question1:-ആധുനിക കേരളത്തിൻറെ രാഷ്ട്രീയ ചരിത്രത്തിലെ വഴിത്തിരിവായ മഞ്ചേരി രാഷ്ട്രീയ സമ്മേളനവുമായി തെറ്റായ പ്രസ്താവനകൾ ഏതെല്ലാം?

(1) എ. കസ്തൂരിരങ്ക അയ്യർ സമ്മേളനത്തിൻറെ അദ്ധ്യക്ഷനായിരുന്നു

(2) മിതവാദികളും തീവ്രവാദികളും തമ്മിൽ തുറന്ന സംവാദത്തിന് സമ്മേളനം വേദിയായി

(3) തീവ്രവാദികൾ മൊണ്ടേഗു-ചെംസ്ഫോഡ് പരിഷ്കാരങ്ങൾ സ്വീകരിക്കേണ്ടതാണ് എന്ന് വാദിച്ചു

(4) കെ.പി. കേശവ മേനോൻ മിതവാദികളുടെ നേതാവായിരുന്നു

A:-(1), (2), (3) തെറ്റ്

B:-(1), (3), (4) തെറ്റ്

C:-(1), (4) തെറ്റ്

D:-(3), (4) തെറ്റ്

Correct Answer:- Option-D

Question2:-1857-ലെ വിപ്ലവം നയിച്ച നേതാക്കളും സ്ഥലങ്ങളുമാണ് താഴെ കൊടുത്തിരിക്കുന്നത്. ഇതിൽ ശരിയായ ജോഡികളേതെല്ലാം?

(1) റാണി ലക്ഷ്മീഭായ് - ഝാൻസി

(2) നാനാസാഹിബ് - കാൺപൂർ

(3) കൻവർസിങ്ങ് - ഫൈസാബാദ്

(4) വാജിദ് അലിഷാ - അവധ്

A:-(1), (2), (3) എന്നിവ

B:-(1), (2) എന്നിവ

C:-(1), (2), (4) എന്നിവ

D:-(1), (3), (4) എന്നിവ

Correct Answer:- Option-C

Question3:-ഗാന്ധി-ഇർവ്വിൻ സന്ധിപ്രകാരമുള്ള രണ്ടാം വട്ടമേശസമ്മേളനത്തെക്കുറിച്ചുള്ള തെറ്റായ പ്രസ്താവനകൾ ഏതെല്ലാം?
(1) രണ്ടാം വട്ടമേശ സമ്മേളനത്തിൽ കോൺഗ്രസ്സിൻറെ പ്രതിനിധിയായി ഗാന്ധിജിയും, ജവഹർലാൽ നെഹ്റുവും പങ്കെടുത്തു
(2) കോൺഗ്രസ്സ് ഇന്ത്യയെ മുഴുവനായും പ്രതിനിധാനം ചെയ്യുന്നു എന്ന് ഗാന്ധിജി വാദിച്ചു
(3) മുസ്ലീം ലീഗും നാട്ടുരാജാക്കന്മാരും ഈ വാദത്തെ എതിർത്തു
(4) ഡോ. ബി.ആർ. അംബേദ്ക്കർ ഈ വാദത്തെ അനുകൂലിച്ചു

A:-(1), (4)

B:-(1), (3)

C:-(2), (4)

D:-(1), (3), (4)

Correct Answer:- Option-A

Question4:-മഹത്തായ ഫ്രഞ്ച് വിപ്ലവത്തെ സ്വാധീനിച്ച ചിന്തകന്മാരും അവരുടെ കൃതികളും ചുവടെ കൊടുക്കുന്നു. തെറ്റായവ ഏത്/ഏതെല്ലാം?
(1) മൊണ്ടെസ്ക്യൂ - ''സ്പിരിറ്റ് ഓഫ് ലോ''
(2) റൂസ്സോ - ''സോഷ്യൽ കോൺട്രാക്റ്റ്''
(3) വോൾട്ടയർ - ''ഉട്ടോപ്യ''
(4) തോമസ്പെയിൻ - ''ദി റൈറ്റ്സ് ഓഫ് മെൻ''

A:-(1), (2), (3)

B:-(3), (4)

C:-(1), (3), (4)

D:-(3) മാത്രം

Correct Answer:- Option-D

Question5:-താഴെ തന്നിരിക്കുന്നവയിൽ നിന്ന് ശരിയായ ജോഡികൾ തിരഞ്ഞെടുക്കുക :
(i) അറ്റ്ലാൻറിക് സമുദ്രം - ഹരിക്കെയ്ൻ കത്രീന
(ii) ചൈന കടൽ - വില്ലി വില്ലീസ് മോക്ക
(iii) ഇന്ത്യൻ മഹാസമുദ്രം - സൈക്ലോൺ ബിപർജോയ്

A:-(i), (ii), (iii)

B:-(i), (iii)

C:-(i), (ii)

D:-(ii), (iii)

Correct Answer:- Option-B

Question6:-ഉപദ്വീപീയ നദികളിൽ പടിഞ്ഞാറോട്ട് ഒഴുകുന്ന ഏറ്റവും നദി

A:-സബർമതി

B:-ലൂണി

C:-നർമ്മദ

D:-തപ്തി

Correct Answer:- Option-C

Question7:-ഇന്ത്യയിലെ പ്രധാന നദീജന്യ ദ്വീപുകളും നദികളും
ശരിയായ ജോഡികൾ കണ്ടെത്തുക.
(i) മാജുലി ദ്വീപ് - ബ്രഹ്മപുത്ര
(ii) ശിവസമുദ്രം - കാവേരി
(iii) ഉമാനന്ദ ദ്വീപ് - ഗംഗ
(iv) ദിബ്രു - സൈഖോവ ദ്വീപ് - ബ്രഹ്മപുത്ര

A:-(i), (ii), (iii)

B:-(ii), (iii), (iv)

C:-(i), (ii), (iv)

D:-(i), (iii), (iv)

Correct Answer:- Option-C

Question8:-ഇന്ത്യയുടെ കിഴക്കൻ തീരത്തെ  സ്വകാര്യ ഉടമസ്ഥതയിലുള്ള ഏറ്റവും വലിയ തുറമുഖം

A:-കൃഷ്ണ പട്ടണം

B:-ഹസീറ

C:-മുണ്ട്ര

D:-ഗംഗാവരം

Correct Answer:- Option-A

Question9:-ഇന്ത്യ വികസിപ്പിച്ച ലോകത്തിലെ തന്നെ ആദ്യത്തെ റിയൽ ടൈം എർത്ത് ഒബ്സർവേഷൻ സാറ്റലൈറ്റ്

A:-CartoSat-3

B:-GISAT-1

C:-NISAR

D:-EOS-04

Correct Answer:- Option-B

Question10:-**ഇന്ത്യയിലെ സംസ്ഥാനങ്ങളുടെയും കേന്ദ്ര ഭരണപ്രദേശങ്ങളുടേയും വികസനപുരോഗതി കണക്കാക്കുന്നതിന് നീതി ആയോഗ് (NITI Aayog) ഐക്യരാഷ്ട്രസഭയുമായി സഹകരിച്ച് തയ്യാറാക്കുന്ന സൂചിക ഏതാണ്?**

A:-ഗുഡ് ഗവേണൻസ് ഇൻഡക്സ് (GGI)

B:-നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക്ക് (NIRF)

C:-സുസ്ഥിരവികസനലക്ഷ്യം - ഇന്ത്യ സൂചിക (SDG India Index)

D:-ഇന്ത്യ സ്കിൽ റിപ്പോർട്ട് (India Skill Report)

Correct Answer:- Option-C

Question11:-ഇന്ത്യൻ ആസൂത്രണത്തിൽ ചെറുകിട വ്യവസായങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് പഠിച്ച കമ്മിറ്റി

A:-സ്വാമിനാഥൻ കമ്മിറ്റി

B:-നരസിംഹം കമ്മിറ്റി

C:-രംഗരാജൻ കമ്മിറ്റി

D:-കാർവെ കമ്മിറ്റി

Correct Answer:- Option-D

Question12:-താഴെ കൊടുത്തിട്ടുള്ള ഇന്ത്യൻ കമ്പനികളിൽ മഹാരത്ന പദവി ഉള്ളവ ഏതെല്ലാം?
(i) ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് (IOCL)
(ii) എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ (AAI)
(iii) സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് (SAIL)

A:-(i), (ii) ശരിയാണ്

B:-(ii), (iii) ശരിയാണ്

C:-(i), (iii) ശരിയാണ്

D:-എല്ലാം ശരിയാണ്

Correct Answer:- Option-C

Question13:-ഇന്ത്യൻ സാമ്പത്തികശാസ്ത്രജ്ഞനായ പി.സി. മഹലാനോബിസ് സ്ഥാപിച്ച പ്രശസ്തമായ സ്ഥാപനം ഏതാണ്?

A:-IISC

B:-ISI

C:-IACS

D:-IIRS

Correct Answer:- Option-B

Question14:-മേക്ക് ഇൻ ഇന്ത്യ പദ്ധതിയുടെ ഔദ്യോഗിക ലോഗോയിൽ (Logo) ചിത്രീകരിച്ചിരിക്കുന്ന മൃഗം ഏതാണ്?

A:-സിംഹം

B:-ബംഗാൾ കടുവ

C:-ആന

D:-കുതിര

Correct Answer:- Option-A

Question15:-ലോകസഭയിലേയ്ക്കും സംസ്ഥാന നിയമന്നിർമ്മാണ സഭകളിലേയ്ക്കുള്ള തെരെഞ്ഞെടുപ്പുകൾ പ്രായപൂർത്തിവോട്ടവകാശത്തിൻറെ അടിസ്ഥാനത്തിലായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്ന ഇന്ത്യൻ ഭരണഘടനയിലെ അനുച്ഛേദം ഏതെന്ന് കണ്ടെത്തുക?

A:-അനുച്ഛേദം : 325

B:-അനുച്ഛേദം : 326

C:-അനുച്ഛേദം : 324

D:-അനുച്ഛേദം : 327

Correct Answer:- Option-B

Question16:-ഉദ്യോഗസ്ഥൻ തൻറെ കർത്തവ്യം നിറവേറ്റുന്നില്ലെന്ന് ബോധ്യപ്പെട്ടാൽ അവ കൃത്യമായി നിറവേറ്റാൻ ഉദ്യോഗസ്ഥനോട് ആജ്ഞാപിച്ചുകൊണ്ട് കോടതി പുറപ്പെടുവിയ്ക്കുന്ന റിട്ട്

A:-ക്വോ-വാറൻറോ (Quo-Warranto)

B:-സെർഷ്യോററി (Certiorari)

C:-മൻഡമസ് (Mandamus)

D:-പ്രോഹിബിഷൻ (Prohibition)

Correct Answer:- Option-C

Question17:-''രാഷ്ട്രപതിയുടെ ഓഫീസ് ഒരു എമർജൻസി വിളക്കു പോലെയാണ്. പ്രതിസന്ധികളുയരുമ്പോൾ വിളക്ക് തെളിയും, പ്രതിസന്ധി തീരുന്നതോടെ വിളക്ക് താനേ അണയുകയും ചെയ്യും''. ഇത് ആരുടെ വാക്കുകളാണ്?

A:-ഡോ. രാജേന്ദ്രപ്രസാദ്

B:-ഡോ. എസ്. രാധാകൃഷ്ണൻ

C:-നീലം സഞ്ജീവ റെഡ്ഡി

D:-ആർ. വെങ്കിട്ടരാമൻ

Correct Answer:- Option-D

Question18:-താഴെ കൊടുത്തിരിക്കുന്ന പ്രസ്താവന സാധൂകരിക്കുക.
(i) ഇന്ത്യൻ ഭരണഘടനയുടെ 106-ാം ഭേദഗതിയും ഭരണഘടനയുടെ 128-ാം ഭേദഗതി ബില്ലുമാണ് നാരീശക്തിവന്ദൻ അധിനീയം
(ii) ഈ ബില്ലിനെ ''ദൈവനിയോഗം'' എന്ന് ആണ് നിയമമന്ത്രി ബില്ല് അവതരണസമയത്ത് വിശേഷിപ്പിച്ചത്
(iii) പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്കും മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കും ഉപസംവരണവും ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു
(iv) ലോകസഭയിൽ ഈ ബിൽ അവതരിപ്പിച്ചത് കേന്ദ്ര നിയമ മന്ത്രി അർജ്ജുൻ മേഘവാൾ ആണ്

A:-(i), (iv) ശരി

B:-(i), (iii) ശരി

C:-(ii), (iii) ശരി

D:-(iii), (iv) ശരി

Correct Answer:- Option-A

Question19:-ഇന്ത്യൻ ഭരണഘടന പുനരവലോകനം ചെയ്യുന്നതിനുവേണ്ടി 2000-ൽ നിയമിക്കപ്പെട്ട കമ്മീഷൻറെ ചെയർമാൻ

A:-ബി.പി. മണ്ഡൽ

B:-ജസ്റ്റീസ് വെങ്കടചെല്ലയ്യ

C:-ജസ്റ്റീസ് കെ. ബാലകൃഷ്ണൻ

D:-ജസ്റ്റീസ് കപാഡിയ

Correct Answer:- Option-B

Question20:-കേരളത്തിൽ ''കോനോലി പ്ലോട്ട്'' എന്ന് അറിയപ്പെടുന്ന സ്ഥലം ഏത് ജില്ലയിൽ സ്ഥിതിചെയ്യുന്നു?

A:-ഇടുക്കി

B:-വയനാട്

C:-മലപ്പുറം

D:-കണ്ണൂർ

Correct Answer:- Option-C

Question21:-കേരളത്തിൽ ആദ്യമായി രൂപം കൊണ്ട സ്വകാര്യബാങ്ക് ഏതെന്ന് കണ്ടെത്തുക?

A:-ഇംപീരിയർ ബാങ്ക്

B:-ഇന്ത്യൻ നാഷണൽ ബാങ്ക്

C:-ചാർട്ടേഡ് ബാങ്ക്

D:-നെടുങ്ങാടി ബാങ്ക്

Correct Answer:- Option-D

Question22:-കേരള സംസ്ഥാന സർക്കാർ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ വഴി ഭിന്നശേഷി വിഭാഗങ്ങളെ സമൂഹത്തിൻറെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്താൻ ആവിഷ്കരിച്ച പദ്ധതി

A:-കൈവല്യ പദ്ധതി

B:-നവജീവൻ

C:-ആശ്വാസ നിധി

D:-സ്നേഹ സാന്ത്വനം

Correct Answer:- Option-A

Question23:-ഗുരുവായൂർ ക്ഷേത്രത്തിൽ എല്ലാ ജാതിയിൽപ്പെട്ട ഹിന്ദുക്കൾക്ക് പ്രവേശനം അനുവദിയ്ക്കണമെന്ന് ആവശ്യപ്പെട്ട് കെ. കേളപ്പൻറെ നേതൃത്വത്തിൽ 1931-ൽ ഗുരുവായൂർ സത്യാഗ്രഹം നടത്തപ്പെട്ടു. ഈ സമരത്തിൻറെ വാളണ്ടിയർ ക്യാപ്റ്റൻ ആരെന്ന് കണ്ടെത്തുക.

A:-ടി.കെ. മാധവൻ

B:-മന്നത്ത് പത്മനാഭൻ

C:-എ.കെ. ഗോപാലൻ

D:-പി. കൃഷ്ണപിള്ള

Correct Answer:- Option-C

Question24:-താരതമ്യേന വലിയ അളവിൽ മനുഷ്യശരീരത്തിന് ആവശ്യമായ ധാതുക്കളാണ് മാക്രോമിനറലുകൾ. താഴെ തന്നിരിക്കുന്നവയിൽ മാക്രോമിനറലുകൾ ഏതൊക്കെ?
(i) സോഡിയം
(ii) ഇരുമ്പ്
(iii) ഫോസ്ഫറസ്
(iv) സിങ്ക്

A:-(i) and (iii)

B:-(i) and (ii)

C:-(iii) and (iv)

D:-(ii) and (iv)

Correct Answer:- Option-A

Question25:-പാൻക്രിയാസ് ഗ്രന്ഥി ഉത്പാദിപ്പിക്കുന്ന ഒരു ഹോർമോണായ ഗ്ലൂക്കഗോണിൻറെ ധർമ്മങ്ങളാണ് ചുവടെ തന്നിരിക്കുന്നത്. ഇതിൽ തെറ്റായ പ്രസ്താവന ഏത്?

A:-രക്തത്തിൽ ഗ്ലൂക്കോസിൻറെ അളവ് കൂട്ടുന്നു

B:-ഇത് ഒരു സ്റ്റിറോയ്ഡ് ഹോർമോൺ ആകുന്നു

C:-കരളിൽ സംഭരിച്ചിരിക്കുന്ന ഗ്ലൈക്കോജനെ ഗ്ലൂക്കോസ് ആക്കി മാറ്റുന്നു

D:-ഇൻസുലിൻറെ പ്രവർത്തനത്തിന് വിപരീത പ്രവർത്തനം

Correct Answer:- Option-B

Question26:-കീടനാശിനി പോലുള്ള രാസവസ്തുക്കൾ തടാകങ്ങളിൽ എത്തിപ്പെട്ട് അവ ഭക്ഷ്യശൃംഖലയിലെ ഉയർന്ന ശ്രേണിയിൽ കൂടുതൽ സാന്ദ്രതയിൽ കേന്ദ്രീകരിക്കുന്നു. ഈ പാരിസ്ഥിതിക പ്രശ്നത്തിൻറെ പേരെന്ത്?

A:-ബയോളജിക്കൽ ഓക്സിജൻ ഡിമാൻഡ്

B:-ബയോമാഗ്നിഫിക്കേഷൻ

C:-ബയോഫോർട്ടിഫിക്കേഷൻ

D:-വിഘാടനം

Correct Answer:- Option-B

Question27:-താഴെ തന്നിരിക്കുന്നവയിൽ ജീവിതശൈലീരോഗങ്ങൾ ഏതൊക്കെ?
(i) പ്രമേഹം
(ii) ഉയർന്ന രക്തസമ്മർദ്ദം
(iii) ഹൈപ്പറ്റൈറ്റിസ്-ബി
(iv) ക്യാൻസർ

A:-(i), (ii) and (iv)

B:-(i), (ii) and (iii)

C:-(ii), (iii) and (iv)

D:-(i), (iii) and (iv)

Correct Answer:- Option-A

Question28:- 2024-ലെ ലോക ഹാപ്പിനസ്സ് വാർഷിക റിപ്പോർട്ട് പ്രകാരം പട്ടികയിൽ 126-ാം സ്ഥാനം എത്തിയ രാജ്യം

A:-ഫിൻലാൻഡ്

B:-മലേഷ്യ

C:-ഇന്ത്യ

D:-സിംഗപ്പൂർ

Correct Answer:- Option-C

Question29:-പ്രൊജക്ടൈൽ ചലനത്തിൽ വസ്തു പരമാവധി ഉയരത്തിൽ എത്തുമ്പോൾ പ്രവേഗത്തിനും ത്വരണത്തിനും ഇടയിലുള്ള കോൺ എത്ര ഡിഗ്രി ആയിരിക്കും?

A:-$0^\circ$

B:-$45^\circ$

C:-$90^\circ$

D:-$60^\circ$

Correct Answer:- Option-C

Question30:-ഹൈഡ്രോളിക് ലിഫ്റ്റിൻറെ പ്രവർത്തനം ഏത് നിയമം അനുസരിച്ചാണ്?

A:-പാസ്കൽ നിയമം

B:-ന്യൂട്ടൻറെ ചലന നിയമങ്ങൾ

C:-കെപ്ലറുടെ നിയമം

D:-ബെർണോളിസ് നിയമം

Correct Answer:- Option-A

Question31:-പ്രകാശ തീവ്രതയുടെ യൂണിറ്റ് എന്താണ്?

A:-വാട്ട്

B:-കാൻഡെല

C:-ഹെൻറി

D:-ആംമ്പിയർ

Correct Answer:- Option-B

Question32:-ചാന്ദ്രയാൻ-3 വിക്ഷേപിച്ചത് എവിടെ നിന്നാണ്?

A:-സതീഷ് ധവാൻ സ്പേയ്സ് സെൻറർ (SDSC)

B:-വിക്രം സാരാഭായ് സ്പേയ്സ് സെൻറർ (VSSC)

C:-ഇൻഡ്യൻ സ്പേയ്സ് റിസർച്ച് ഓർഗനൈസേഷൻ (ISRO)

D:-ഡിഫൻസ് റിസർച്ച് ആൻറ് ഡിപ്പാർട്ട്മെൻറ് ഓർഗനൈസേഷൻ (DRDO)

Correct Answer:- Option-A

Question33:-വെയിലത്തിരിക്കുന്ന ബലൂൺ വികസിച്ച് പൊട്ടിപ്പോകുന്നു. ഇതുമായി ബന്ധപ്പെട്ട വാതക നിയമം ഏതാണ്?

A:-ചാൾസ് നിയമം

B:-ബോയിൽ നിയമം

C:-അവഗാഡ്രോ നിയമം

D:-ഗേ ലുസ്സാക് നിയമം

Correct Answer:- Option-A

Question34:-അക്വാറീജിയയെ കുറിച്ച് താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയായവ ഏതെല്ലാം?
(i) അക്വാറീജിയ ഗാഢഹൈഡ്രോക്ലോറിക് ആസിഡിൻറെയും ഗാഢനൈട്രിക് ആസിഡിൻറെയും മിശ്രിതമാണ്
(ii) അക്വാറീജിയയ്ക്ക് ക്ഷാരഗുണമാണ്
(iii) അക്വാറീജിയയ്ക്ക് സ്വർണ്ണത്തെ ലയിപ്പിക്കുവാൻ കഴിയും
(iv) അക്വാറീജിയ രാസപദാർത്ഥങ്ങളുടെ രാജാവ് എന്നറിയപ്പെടുന്നു

A:-(i), (ii)

B:-(i), (iii)

C:-(i), (iv)

D:-(iii), (iv)

Correct Answer:- Option-B

Question35:-ഒരേ എണ്ണം പ്രോട്ടോണുകളും ഇലക്ട്രോണുകളും ഉള്ളതും എന്നാൽ വ്യത്യസ്തമായ ന്യൂട്രോണുകൾ ഉള്ളതുമായ മൂലകങ്ങളെ എന്ത് വിളിക്കുന്നു?

A:-ഐസോമെറുകൾ

B:-ഐസോടോപ്പുകൾ

C:-ഐസോബാറുകൾ

D:-ഐസോടോണുകൾ

Correct Answer:- Option-B

Question36:-ഇന്ത്യയിൽ ആദ്യമായി മെഥനോളിൽ ഓടിക്കുന്ന ബസ് ആരംഭിച്ച നഗരം ഏത്?

A:-മുംബൈ

B:-ബംഗളൂരു

C:-എറണാകുളം

D:-കൊൽക്കത്ത

Correct Answer:- Option-B

Question37:-മലയാളത്തിലെ നോവലിസ്റ്റുകളുടെ പേരുകളും അവരുടെ രചനകളും നല്കിയിരിക്കുന്നു. ശരിയായി യോജിപ്പിച്ചത് കണ്ടെത്തുക.

| | |
|---|---|
| 1. ഒ.വി. വിജയൻ | a. വിഷകന്യക |
| 2. യു.കെ. കുമാരൻ | b. തലമുറകൾ |
| 3. എസ്.കെ. പൊറ്റെക്കാട് | c. തക്ഷൻകുന്ന് സ്വരൂപം |
| 4. ഇ. സന്തോഷ് കുമാർ | d. അന്ധകാരനഴി |

A:-1-a, 2-b, 3-d, 4-c

B:-1-c, 2-a, 3-d, 4-b

C:-1-b, 2-c, 3-a, 4-d

D:-1-d, 2-c, 3-b, 4-a

Correct Answer:- Option-C

Question38:-നൽകിയിരിക്കുന്ന പട്ടികയിൽ ജ്ഞാനപീഠപുരസ്കാരം നേടിയ എഴുത്തുകാരുടെ മാത്രം രചനകൾ ഉൾപ്പെട്ടിരിക്കുന്നത് കണ്ടെത്തുക

A:-ഒരു തെരുവിൻറെ കഥ, ഉജ്ജയിനി, ഏണിപ്പടികൾ, ഓടക്കുഴൽ

B:-ഒരു തെരുവിൻറെ കഥ, ഖസാക്കിൻറെ ഇതിഹാസം, തൽപ്പം, ഓടക്കുഴൽ

C:-ഒരു തെരുവിൻറെ കഥ, ഉജ്ജയിനി, കളിയച്ഛൻ, താമരത്തോണി

D:-ഉജ്ജയിനി, ഖസാക്കിൻറെ ഇതിഹാസം, ഏണിപ്പടികൾ, ഓടക്കുഴൽ

Correct Answer:- Option-A

Question39:-ക്രിക്കറ്റ്, വോളിബോൾ, ബാസ്കറ്റ്ബോൾ, നെറ്റ്ബോൾ എന്നീ കളികളിൽ ഒരു ടീമിൽ കളിക്കുന്ന കളിക്കാരുടെ എണ്ണം ശരിയായി ക്രമീകരിച്ച ശ്രേണി ഏത്?

A:-11, 7, 6, 8

B:-11, 6, 5, 7

C:-11, 7, 6, 7

D:-10, 5, 7, 8

Correct Answer:- Option-B

Question40:-കഥകളിയിൽ ''മഞ്ജുതര കുഞ്ജതല കേളിസദനേ'' എന്നു തുടങ്ങുന്ന അഷ്ടപദി ഗീതം അരങ്ങേറുന്ന ചടങ്ങ് ഏത്?

A:-കേളികൊട്ട്

B:-മേളപ്പദം

C:-പുറപ്പാട്

D:-അരങ്ങുകേളി

Correct Answer:- Option-B

Question41:-പ്രഭാ വർമ്മയ്ക്ക് സരസ്വതി സമ്മാനം ലഭിച്ച കൃതി ഏത്?

A:-ക്രോധസാത്വികം

B:-ക്ഷുദ്രസാത്വികം

C:-രോക്ഷസാത്വികം

D:-രൗദ്രസാത്വികം

Correct Answer:- Option-D

Question42:-താഴെ തന്നിരിക്കുന്നതിൽ മനുഷ്യരുടെ വിരലടയാളം, മുഖം തുടങ്ങിയ പ്രത്യേക ശാരീരിക സവിശേഷതകൾ ഉയർന്ന കൃത്യതയോടെ തിരിച്ചറിയാൻ ഉപയോഗിക്കുന്ന ഇൻപുട്ട് ഉപകരണം ഏത്?

A:-ബയോമെട്രിക് സെൻസർ

B:-ഒപ്റ്റിക്കൽ സ്കാനർ

C:-ബാർകോഡ് റീഡർ

D:-ഡിജിറ്റൽ ക്യാമറ

Correct Answer:- Option-A

Question43:-ഒരു സ്കൂൾ കമ്പ്യൂട്ടർ ലാബിൽ 30 കമ്പ്യൂട്ടറുകൾ ഒരു സ്വിച്ച് ഉപയോഗിച്ച് ബന്ധിപ്പിച്ചിരിക്കുന്നു. ഇത് ഏത് തരത്തിലുള്ള നെറ്റ്വർക്കാണ്?

A:-വൈഡ് ഏരിയ നെറ്റ്വർക്ക്

B:-മെട്രോപൊളിറ്റൻ ഏരിയ നെറ്റ്വർക്ക്

C:-ലോക്കൽ ഏരിയ നെറ്റ്വർക്ക്

D:-പേഴ്സണൽ ഏരിയ നെറ്റ്വർക്ക്

Correct Answer:- Option-C

Question44:-യഥാർത്ഥ വെബ്സൈറ്റുകളെ അനുകരിക്കുന്ന കൃത്രിമ വെബ്പേജുകൾ ഉപയോഗിച്ച് ഉപയോക്താവിനെ തെറ്റിദ്ധരിപ്പിച്ച് പാസ് വേർഡ്, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ തുടങ്ങിയ രഹസ്യവിവരങ്ങൾ കൈക്കലാക്കുന്ന സൈബർ കുറ്റകൃത്യരീതി ഏതാണ്?

A:-ഹാക്കിംഗ്

B:-സൈബർ ബുള്ളിയിംഗ്

C:-സ്പാമിംഗ്

D:-ഫിഷിംഗ്

Correct Answer:- Option-D

Question45:-കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി കേരള സർക്കാർ പുറത്തിറക്കിയ മൊബൈൽ ആപ്പ് ഏത്?

A:-നമ്മുടെ കേരളം

B:-കെ-സ്മാർട്ട്

C:-ഡിജിലോക്കർ

D:-ഉമംഗ്

Correct Answer:- Option-B

Question46:-ഗാർഹിക പീഢന നിരോധന നിയമപ്രകാരം ആവശ്യപ്പെടാൻ കഴിയാത്ത നിവൃത്തി

A:-മോണിറ്ററി ഓർഡർ

B:-പ്രൊട്ടക്ഷൻ ഓർഡർ

C:-റെസിഡൻസ് ഓർഡർ

D:-ഡിവോഴ്സ് ഉത്തരവ്

Correct Answer:- Option-D

Question47:-ദേശീയ പട്ടിക ജാതി/പട്ടിക വർഗ്ഗ കമ്മീഷൻ വാർഷിക റിപ്പോർട്ട് സമർപ്പിക്കുന്നത് ആർക്ക്?

A:-ലോകസഭാ സ്പീക്കർ

B:-പ്രസിഡൻറ്

C:-ചീഫ് ജസ്റ്റീസ് ഓഫ് ഇൻഡ്യ

D:-പ്രധാന മന്ത്രി

Correct Answer:- Option-B

Question48:-ഉപഭോക്തൃ സംരക്ഷണ നിയമം, 2019 നിലവിൽ വന്ന തീയ്യതി

A:-ആഗസ്റ്റ് 9, 2019

B:-ജൂലൈ 20, 2020

C:-ജൂലൈ 20, 2021

D:-ആഗസ്റ്റ് 9, 2020

Correct Answer:- Option-B

Question49:-പോക്സോ നിയമപ്രകാരം ഒരു കുട്ടി തെറ്റായ പരാതി നൽകിയാൽ

A:-മൂന്ന് മാസം തടവ് ശിക്ഷ

B:-ആറു മാസം തടവ് ശിക്ഷ

C:-500 രൂപ പിഴ

D:-ശിക്ഷയില്ല

Correct Answer:- Option-D

Question50:-'ഹമാരാ സംവിധാൻ, ഹമാരാ സമ്മാൻ ക്യാംപൈൻ' എന്നത് ഏത് മന്ത്രാലയവുമായി ബന്ധപ്പെട്ടിരിക്കുന്നു?

A:-ലോ & ജസ്റ്റിസ്

B:-കോർപ്പറേറ്റ് അഫയേഴ്സ്

C:-ഫിനാൻസ്

D:-കൊമേഴ്സ് & ഇൻഡസ്ട്രി

Correct Answer:- Option-A

Question51:-$4^{x-2} = 2^{x+3}$ ആയാൽ $x$-ൻറെ വില എത്ര?

A:-5

B:-6

C:-7

D:-1

Correct Answer:- Option-C

Question52:-14 സെൻറിമീറ്റർ വ്യാസമുള്ള ഒരു അർദ്ധഗോളത്തിൻറെ ആകെ ഉപരിതല വിസ്തീർണ്ണം എത്ര ചതുരശ്ര സെൻറിമീറ്റർ ആണ്?

A:-462 ച.സെ.മീ.

B:-426 ച.സെ.മീ.

C:-510 ച.സെ.മീ.

D:-308 ച.സെ.മീ.

Correct Answer:- Option-A

Question53:-ഒരു സമാന്തര ശ്രേണിയിലെ 4-ാം പദം 10 ഉം 19-ാം പദം 70 ഉം ആയാൽ ആ സംഖ്യാശ്രേണിയിലെ ആദ്യപദം എത്ര?

A:-4

B:-2

C:- $-1$

D:- $-2$

Correct Answer:- Option-D

Question54:- $3\frac{1}{2}+5\frac{1}{4}-6\frac{1}{8}$ ന് തുല്യമായത് ഏത്?

A:- $1\frac{3}{8}$

B:- $2\frac{5}{8}$

C:- $3\frac{1}{4}$

D:- $2\frac{1}{2}$

Correct Answer:- Option-B

Question55:-ദീപ ഒരു ജോലി 20 ദിവസം കൊണ്ടും ധന്യ അതേ ജോലി 30 ദിവസം കൊണ്ടും ചെയ്തു തീർക്കും. രണ്ടുപേരും ഒരുമിച്ച് ആ ജോലി ചെയ്യുകയാണെങ്കിൽ എത്ര ദിവസം കൊണ്ട് ജോലി പൂർത്തിയാകും?

A:-12

B:-18

C:-16

D:-10

Correct Answer:- Option-A

Question56:-ശ്രേണിയിലെ അടുത്ത പദം ഏത്?
PKB, RNF, TQJ, VTN, ____

A:-XVP

B:-XWR

C:-YUO

D:-YVP

Correct Answer:- Option-B

Question57:-+ എന്നാൽ ×, × എന്നാൽ — , — എന്നാൽ ÷ , ÷ എന്നാൽ + ആയാൽ 200 ×4 + [18×(20 — 5)] എത്ര?

A:-135

B:-144

C:-210

D:-225

Correct Answer:- Option-B

Question58:-ക്ലോക്കിലെ സമയം രാവിലെ 7:20 ആയിരുന്നാൽ മണിക്കൂർ സൂചിയും മിനിട്ട് സൂചിയും തമ്മിലുള്ള കോണളവ് എത്ര?

A:-$103\frac{1}{2}^\circ$

B:-$105^\circ$

C:-$100^{\circ}$

D:-$110^{\circ}$

Correct Answer:- Option-C

Question59:-ഒറ്റയാനെ കണ്ടെത്തുക

A:-835

B:-642

C:-725

D:-946

Correct Answer:- Option-D

Question60:-ഒരു കാർ പടിഞ്ഞാറ് നിന്ന് കിഴക്കോട്ട് 30 കിലോമീറ്റർ സഞ്ചരിക്കുന്നു. പിന്നീട് ഇടത്തോട്ട് തിരിഞ്ഞ് 15 കിലോമീറ്റർ സഞ്ചരിക്കുന്നു. വീണ്ടും ഇടത്തോട്ട് തിരിഞ്ഞ് 10 കിലോമീറ്റർ സഞ്ചരിക്കുന്നു. എന്നാൽ യാത്ര ആരംഭിച്ച സ്ഥലത്തുനിന്ന് കാർ ഇപ്പോൾ എത്ര അകലെയായിരിക്കും?

A:-25 കി.മീ.

B:-35 കി.മീ.

C:-20 കി.മീ.

D:-28 കി.മീ.

Correct Answer:- Option-A

Question61:-He lost his _____________ and could not find the page he was reading.

A:-bookcase

B:-bookmark

C:-booklet

D:-bookworm

Correct Answer:- Option-B

Question62:-The mechanic ___________ the bicycle after repairing it.

A:-reassembled

B:-preassembled

C:-disassembled

D:-unassembled

Correct Answer:- Option-A

Question63:-Each of the students ___________ present.

A:-are

B:-were

C:-is

D:-will

Correct Answer:- Option-C

Question64:-He is interested __________ music.

A:-on

B:-with

C:-over

D:-in

Correct Answer:- Option-D

Question65:-A _______________ of beauties graced the stage at the dance festival.

A:-blush

B:-galaxy

C:-bevy

D:-gang

Correct Answer:- Option-B

Question66:-___________ was her kindness ___________ everyone admired her.

A:-not only - but also

B:-either - or

C:-as much - as

D:-such - that

Correct Answer:- Option-D

Question67:-I am late, ____________ ?

A:-aren't I?

B:-amn't I?

C:-am I?

D:-will I?

Correct Answer:- Option-A

Question68:-If they hurry, they ___________ the bus.

A:-would catch

B:-might catch

C:-will catch

D:-could catch

Correct Answer:- Option-C

Question69:-A person who studies the stars and planets is called a ____________

A:-astronaut

B:-skywatcher

C:-astrophysicist

D:-astronomer

Correct Answer:- Option-D

Question70:-''The teacher praised the student'' can also be written as

A:-The student will be praised by the teacher

B:-The student was praised by the teacher

C:-The student might be praised by the teacher

D:-The student was being praised by the teacher

Correct Answer:- Option-B

Question71:-വാക്യത്തെറ്റ് ഇല്ലാത്തത് കണ്ടെത്തുക

A:-ഗാനം സുന്ദരവും ശ്രദ്ധാലുക്കളായ ശ്രോതാക്കളുമായിരുന്നതിനാൽ സമയം പോയതറിഞ്ഞില്ല

B:-വിനയത്താലും അറിവുകൊണ്ടും ഗുണമുണ്ടാവുകയും ഭാവി ശുഭമായിട്ടുമുണ്ട്

C:-ആരേയും നിർബന്ധിക്കുന്നതിനോ പ്രേരിപ്പിക്കുവാനോ ശ്രമിക്കുന്നത് നല്ലതല്ല

D:-മലയാളം ഉച്ചരിക്കുന്നതുപോലെ എഴുതുകയും എഴുതുന്നതുപോലെ ഉച്ചരിക്കുകയും ചെയ്യുന്ന ഭാഷയാണ്

Correct Answer:- Option-D

Question72:-'പെണ്ണിൻറെ' എന്ന പദം ശരിയായി എങ്ങനെ പിരിച്ചെഴുതാം?

A:-പെണ്ണ് + ഇൻറെ

B:-പെണ്ണ് + ൻറെ

C:-പെൺ + ഇൻറെ

D:-പെൺ + ൻറെ

Correct Answer:- Option-C

Question73:-പടുത്വം എന്ന വാക്കിൻറെ അർത്ഥം

A:-സാമർഥ്യം

B:-സമ്പത്ത്

C:-വിദ്യാഭ്യാസം

D:-ദാനധർമ്മം

Correct Answer:- Option-A

Question74:-'കടലിൽ കായം കലക്കുക' എന്ന ശൈലിയുടെ അർത്ഥം

A:-വലിയൊരു സമൂഹത്തെ ദൂഷിപ്പിക്കുക

B:-അധികം വേണ്ടിടത്ത് അല്പം കൊടുക്കുക

C:-പരസ്പര വിരുദ്ധമായ കാര്യം ചെയ്യുക

D:-പ്രയോജനമില്ലാത്ത പ്രവൃത്തിയിലേർപ്പെടുക

Correct Answer:- Option-B

Question75:-ശരിയായ പദം കണ്ടെത്തുക

A:-സങ്കൽപം

B:-സങ്കല്പം

C:-സങ്കൽപ്പം

D:-സങ്കല്പ്പം

Correct Answer:- Option-B

Question76:-'മനുഷ്യൻ' എന്ന പദം

A:-സ്ത്രീലിംഗമാണ്

B:-പുല്ലിംഗമാണ്

C:-നപുംസകലിംഗമാണ്

D:-ഇതൊന്നുമല്ല

Correct Answer:- Option-C

Question77:-വിപരീതപദം കണ്ടെത്തുക : 'അമരം' X ______

A:-അപരം

B:-അനാഥം

C:-അധികം

D:-അണിയം

Correct Answer:- Option-D

Question78:-'കണ്ണ്'-ൻറെ പര്യായപദം ഏത്?

A:-അക്ഷി

B:-കല്മഷം

C:-അചലം

D:-ലലാമം

Correct Answer:- Option-A

Question79:-ശരിയായ സമാസമേത്?

A:-നിലംകൊണ്ട് തല്ലുന്ന - നിലംതല്ലി

B:-അടിച്ചുകൊണ്ട് തളിക്കുന്ന - അടിച്ചുതളി

C:-പാക്കുകൊണ്ട് വെട്ടുന്ന - പാക്കുവെട്ടി

D:-നാണം കൊണ്ട് കുണുങ്ങുന്ന - നാണം കുണുങ്ങി

Correct Answer:- Option-D

Question80:-'Ones in a blue moon' എന്ന ഇംഗ്ലീഷ് ശൈലിയുടെ അർത്ഥം

A:-അത്യപൂർവ്വമായത്

B:-നീലാകാശത്തെ നിലാവ്

C:-ഒരിക്കലും സംഭവിക്കാത്തത്

D:-ചന്ദ്രനെപ്പോലെ ശോഭയുള്ളത്

Correct Answer:- Option-A

Question81:-ഒരു ഓഫീസിലെ 10 ജീവനക്കാരുടെ വയസ്സ് 50, 25, 46, 35, 34, 28, 42, 53, $x$, 37 എന്നിങ്ങനെയാണ്. ജീവനക്കാരുടെ ശരാശരി വയസ്സ് 40 ആണെങ്കിൽ $x$ =

A:-50


B:-35

C:-40

D:-45

Correct Answer:- Option-A

Question82:-തന്നിരിക്കുന്ന ബാർ ഡയഗ്രം ഒരു ഗ്രൂപ്പ് ഡിഗ്രി വിദ്യാർത്ഥികൾ ചെയ്യുകൊണ്ടിരിക്കുന്ന പാർട്ട് ടൈം ജോലിയെ സൂചിപ്പിക്കുന്നു. എങ്കിൽ ഏകദേശം എത്ര ശതമാനം കുട്ടികൾ ഓൺ ലൈൻ വിതരണവുമായി ബന്ധപ്പെട്ട ജോലി നോക്കുന്നു?




A:-27.5

B:-30.23

C:-35.32

D:-24.14

Correct Answer:- Option-D

Question83:-ഒരു ആഴ്ചയിലെ പ്രവൃത്തി ദിവസങ്ങളിൽ ഉണ്ടാകുന്ന റോഡ് അപകടങ്ങളുടെ എണ്ണത്തെ സൂചിപ്പിക്കുന്ന ആവൃത്തി പട്ടിക താഴെ തന്നിരിക്കുന്നു. ഒരു ദിവസത്തെ ശരാശരി അപകടങ്ങളുടെ എണ്ണം __________ ആണ്.

| | |
|---|---|
| X (അപകടങ്ങളുടെ എണ്ണം) | 2 4 6 8 10 |
| ആവൃത്തി (ടാലി അടയാളത്തിൽ) | \|\|\| \|\|\| \|\| \| |

A:-5

B:-6

C:-4

D:-3

Correct Answer:- Option-A

Question84:-5 സംഖ്യകളുടെ ശരാശരി 30 ആണ്. അതിൽ നിന്നും ഒരു സംഖ്യ ഒഴിവാക്കിയാൽ ശരാശരി 4 കുറയും. എങ്കിൽ ഒഴിവാക്കിയ സംഖ്യ =

A:-43


B:-46

C:-38

D:-40

Correct Answer:- Option-B

Question85:-2022, 2023 വർഷങ്ങളിലായി ഒരു പുസ്തകപ്രസാധക കമ്പനിയുടെ 5 ബ്രാഞ്ചുകളിലായി വിറ്റഴിഞ്ഞ പുസ്തകങ്ങളുടെ കണക്കാണ് താഴെയുള്ള  ബാർ ഡയഗ്രം സൂചിപ്പിക്കുന്നത്.




2022-ൽ വിറ്റ പുസ്തകങ്ങളുടെയും 2023-ൽ വിറ്റ പുസ്തകങ്ങളുടെയും എണ്ണങ്ങൾ തമ്മിലുള്ള അംശബന്ധം _______________ ആണ്.

A:-12 : 17


B:-13 : 15

C:-15 : 22

D:-19 : 20

Correct Answer:- Option-D

Question86:-താഴെ കൊടുത്തിരിക്കുന്ന പൈ ചാർട്ടിൽ ഒരു കുടുംബത്തിൻറെ ഒരു മാസത്തെ വീട്ടുചെലവുകൾ ശതമാനത്തിൽ കൊടുത്തിരിക്കുന്നു. കുടുംബത്തിൻറെ മാസവരുമാനം 45,250 രൂപ ആണെങ്കിൽ പ്രൊവിഡൻറ് ഫണ്ടിൽ ഒരു വർഷം നിക്ഷേപിക്കുന്ന തുക എത്ര?




A:-56,320 രൂപ


B:-36,720 രൂപ

C:-65,160 രൂപ

D:-43,730 രൂപ

Correct Answer:- Option-C

Question87:-ഒരു ക്ലാസ്സിൽ 40 കുട്ടികൾ ഉണ്ട്. 30 മാർക്കിൻറെ ഒരു പരീക്ഷയിൽ കുട്ടികൾക്ക് കിട്ടിയ മാർക്കുകളെ ഒരു ഹിസ്റ്റോഗ്രാം ഉപയോഗിച്ച് സൂചിപ്പിച്ചിരിക്കുന്നു. പരീക്ഷ പാസ്സാകാൻ ഒരു കുട്ടിക്ക് 10 മാർക്ക് ആണ് വേണ്ടതെങ്കിൽ പരീക്ഷയിൽ എത്ര ശതമാനം കുട്ടികൾ പാസ്സായി?




A:-30

B:-75

C:-50

D:-ഇതൊന്നുമല്ല

Correct Answer:- Option-B

Question88:-10, 12, 15, X തുടങ്ങിയ സംഖ്യകളുടെ മാധ്യം 14 ആയാൽ *X*-ൻറെ മൂല്യം എന്ത്?

A:-12

B:-15

C:-14

D:-19

Correct Answer:- Option-D

Question89:-ഒന്നു മുതൽ 'n' വരെയുള്ള ആദ്യത്തെ 'n' എണ്ണൽ സംഖ്യകളുടെ ശരാശരി താഴെ തന്നിട്ടുള്ളവയിൽ ഏതാണ്?

A:- $\frac{n(n+1)}{2}$

B:- $\frac{n+1}{2}$

C:- $\frac{n(n+1)(2n+1)}{2}$

D:- $\frac{n+1}{n}$

Correct Answer:- Option-B

Question90:-500, 480, 320, 700, 600, 540 എന്നീ സംഖ്യകളുടെ മധ്യമം താഴെ പറയുന്നവയിൽ ഏതാണ്?

A:-520

B:-320

C:-500

D:-ഇവ ഒന്നുമല്ല

Correct Answer:- Option-A

Question91:-

| | | | | |
|---|---|---|---|---|
| സംഖ്യ | 2 | 4 | 5 | 8 |
| ആവൃത്തി | x | 3 | 2x | 2 |

മുകളിൽ തന്നിരിക്കുന്ന ആവൃത്തിപ്പട്ടികയുടെ മാധ്യം 5 ആയാൽ *x*-ൻറെ വില എന്ത് *?*

A:-5

B:-3

C:-2

D:-1

Correct Answer:- Option-D

Question92:-ഒരു കണക്കുപരീക്ഷയിലെ 5 കുട്ടികളുടെ ശരാശരി മാർക്ക് 'a' ആണ്. ശരാശരി 'b' മാർക്കുള്ള 2 കുട്ടികൾ പിരിഞ്ഞു പോയാൽ ബാക്കിയുള്ള കുട്ടികളുടെ ശരാശരി മാർക്ക് എത്ര?

A:- $\frac{5a - 2b}{5}$

B:- $\frac{5a - 2b}{3}$

C:- $\frac{5a + 2b}{5}$

D:- $\frac{5a + 2b}{3}$

Correct Answer:- Option-B

Question93:-ഏത് കേന്ദ്രപ്രവണതാമാനത്തിനെയാണ് സംഖ്യകളെ ആരോഹണക്രമത്തിലും അവരോഹണക്രമത്തിലും എഴുതിയതിനുശേഷം കണ്ടുപിടിക്കാൻ കഴിയുന്നത്?

A:-മാധ്യം

B:-മോഡ്

C:-മധ്യമം

D:-ഇവയെല്ലാം

Correct Answer:- Option-C

Question94:-12, 10, P, 25, 30, 5 എന്നീ സംഖ്യകളുടെ മധ്യമം 14 ഉം 'P' യുടെ സ്ഥാനം 12 നും 25 നും ഇടയ്ക്ക് ആണെങ്കിൽ 'P'യുടെ വില എന്ത്?

A:-16

B:-14

C:-13

D:-12

Correct Answer:- Option-A

Question95:-ഒരാളോട് 15-ൽ കുറവായ ഒരു എണ്ണൽ സംഖ്യ പറയാനാവശ്യപ്പെടുന്നു. അയാൾ പറയുന്ന സംഖ്യ അഭാജ്യസംഖ്യയാകാനുള്ള സാധ്യത എന്താണ്?

A:- $\frac{5}{15}$

B:- $\frac{5}{14}$

C:-$\frac{6}{15}$

D:-$\frac{6}{14}$

Correct Answer:- Option-D

Question96:-ഒരു വർഷത്തിലെ കലണ്ടറിൽ ഡിസംബർ മാസത്തിൽ 5 ഞായറാഴ്ചകൾ വരാതിരിക്കാനുള്ള സാധ്യത എത്ര?

A:-$\frac{4}{7}$

B:-$\frac{3}{7}$

C:-$\frac{6}{7}$

D:-$\frac{5}{7}$

Correct Answer:- Option-A

Question97:-52 കാർഡുകളുടെ ഒരു പാക്കിൽ നിന്നും ഒരു കാർഡ് എടുക്കുന്നു. അത് കിംഗ് ഡയമണ്ട് കാർഡ് കിട്ടാനുള്ള സാധ്യത എത്ര?

A:-$\frac{26}{1}$

B:-$\frac{52}{1}$

C:-$\frac{1}{26}$

D:-$\frac{1}{52}$

Correct Answer:- Option-D

Question98:-ഒരു പെട്ടിയിൽ 3 ചുവന്ന പന്തുകളും 8 പച്ച പന്തുകളും ഉണ്ട്. പെട്ടിയിൽ നിന്നും എത്ര പച്ച പന്തുകൾ എടുത്തുമാറ്റിയാൽ പെട്ടിയിൽ നിന്നും ഒരു പന്തെടുക്കുമ്പോൾ അത് ചുവന്ന പന്ത് കിട്ടാനുള്ള സാധ്യത $\frac{1}{3}$ ആകും?

A:-0

B:-1

C:-2

D:-5

Correct Answer:- Option-C

Question99:-മൂന്നു പകിടകൾ ഒരേ സമയം എറിയുന്നു. സംഖ്യകളുടെ തുക 24 കിട്ടാനുള്ള സാധ്യത എത്രയാണ്?

A:-0

B:-$\frac{1}{2}$

C:-1

D:-$\frac{1}{216}$

Correct Answer:- Option-A

Question100:-$2^1, 2^2, 2^3, 2^4, \ldots 2^{25}$ എന്നീ സംഖ്യകളുടെ വിലകൾ ഓരോന്നും ഓരോ കടലാസിൽ എഴുതി ഒരു പെട്ടിയിലിട്ടിരിക്കുന്നു. ഇതിൽ നിന്നും നോക്കാതെ ഒരെണ്ണമെടുത്താൽ കിട്ടുന്ന സംഖ്യയുടെ ഒറ്റയുടെ സ്ഥാനത്തു 4 വരാനുള്ള സാധ്യത എന്ത്?

A:-$\frac{5}{25}$

B:-$\frac{6}{25}$

C:-0

D:-$\frac{1}{25}$

Correct Answer:- Option-B